SJD/3380/2023-G4

/114683/2023

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :08-09-2023
Email -swdkerala@gmail.com
Phone : 0471 – 2306040

## സർക്കുലർ

വിഷയം: സ.നീ.വ - വയോജനങ്ങൾക്കായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം - തുടർ നിർദ്ദേശങ്ങൾ നല്കുന്നത് സംബന്ധിച്ച്.

സൂചന: 10.07.2023 ൽ ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം

സംസ്ഥാനത്ത് വയോജന മേഖലയിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന മേൽ പരാമർശിത യോഗത്തിലെ തീരുമാന പ്രകാരം സംസ്ഥാനത്തെ വയോജനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ചും, വൃദ്ധ സദനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കെണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും ചർച്ച ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ സാമൂഹ്യ നീതി ഓഫീസുകൾ മുഖേന താഴെപ്പറയുന്ന നടപടികൾ കൃത്യമായും പരിപാലിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട് .

- ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ വർഷത്തിൽ ഒരു തവണ എങ്കിലും ജില്ലയിലെ എല്ലാ വൃദ്ധ മന്ദിരങ്ങളും സന്ദർശിച്ച് പരിശോധന നടത്തേണ്ടതും, ഇതിനായി ഇൻസ്പെക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. മൂന്ന് മാസത്തിലൊരിക്കൽ ഇത് സംബന്ധിച്ച റിപ്പോർട്ട് സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതുമാണ്.

മേൽ നിർദ്ദേശം എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും കൃത്യമായി പാലിക്കേണ്ടതാണ്. ജില്ലയിലെ വൃദ്ധ മന്ദിരങ്ങൾ സന്ദർശിച്ച് അവലോകന റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള ആദ്യ ത്രൈമാസ റിപ്പോർട്ട് സെപ്റ്റംബർ 30നകം ലഭ്യമാക്കുന്നതിനും നിർദ്ദേശിക്കുന്നു.

CHETAN KUMAR MEENA
സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസിര്മാർക്കും